## പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നം. 3875 | 18.10.2011- ൽ<br>മറുപടിയ്ക്ക് |

## ഗവേഷണ സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിന് പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് ഗവേഷണ സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിനായി എന്തെങ്കിലും പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | മൗലികവും പ്രയുക്തവുമായ ഗവേഷണ സംവിധാനങ്ങൾ വിപുലപ്പെടുത്താനായി തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് വളപ്പിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക് (TrEST) എന്ന പേരിൽ ഒരു ഗവേഷണ പാർക്ക് സ്ഥാപിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തോട് അനുബന്ധിച്ച് ഒരു ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. മാത്രമല്ല ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇക്കാര്യത്തിന് കേന്ദ്ര സർക്കാരിൽ ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് സമർപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (സി) | ഐ.ഐ.റ്റി., ഐ.ഐ.ഐ.റ്റി. എന്നിവ സ്ഥാപിക്കുന്നതിന് വിശദമായ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**